

THURSDAY 06.06.2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/06/2024

1. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, മലപ്പുറം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിന് അവസരം. അംഗങ്ങളെ ചേർക്കുന്നതിനായി അപേക്ഷകൾ മലപ്പുറത്തെ കേരള കർഷക തൊഴിലാളി ക്ഷേമനിധി ഓഫീസിൽ എത്തിക്കണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0483 2732001 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

2. സംരംഭകരാവാൻ താല്പര്യപ്പെടുന്നവർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻ സ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവ ലപ്പ്മെന്റ് 'അഗ്രിപ്രണർഷിപ്പ്' എന്ന വിഷയത്തിൽ അഞ്ച് ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിനായി നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. താല്പര്യമുള്ളവർ ഓൺലൈൻ ആയി ജൂൺ ഏഴിന് മുൻപ് കെ ഐ ഇ ഡി യുടെ വെബ്സൈറ്റായ www.kied.info ൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0484 2532890/ 2550322 / 9188922800.

3. 2024 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തുണ്ടായ ഉഷ്ണതരംഗത്തിൽ കൃഷിനാശനഷ്ടമുണ്ടായ കർഷകർക്ക് AIMS പോർട്ടലിൽ അപേക്ഷിക്കാനുള്ള സമയപരിധി ജൂൺ 30 (30.06.2024) വരെ നീട്ടി കൃഷിഡയറക്ടർ ഉത്തരവിട്ടു. കർഷകർക്ക് അതാത് കൃഷിഭവനിലെ FIR (പ്രഥമ വിവര റിപ്പോർട്ട്) പ്രകാരം AIMS പോർട്ടൽ മുഖേന ഉഷ്ണതരംഗം കാരണമുണ്ടായ കൃഷിനാശനഷ്ടത്തിന് അപേക്ഷിക്കാവുന്നതാണ്.

4. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ എല്ലാ ചൊവ്വ വെള്ളി ദിവസങ്ങളിലും ഒരു ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിട

കോഴിക്കുഞ്ഞുങ്ങളെ 25/-രൂപ നിരക്കിൽ കർഷകർക്ക് വിൽപ്പനയ്ക്ക് ലഭ്യമാണ്. 07-06-2024-ൽ 900 എണ്ണവും, 11-06-2024-ൽ 800 എണ്ണവും, 14-06-2024-ൽ 600 എണ്ണവും, 18-06-2024-ൽ 900 എണ്ണവും, 21-06-2024-ൽ 600 എണ്ണവും വീതം പിട കോഴികുഞ്ഞുങ്ങൾ ലഭ്യമാണ്. ആവശ്യക്കാർ ബന്ധപ്പെടേണ്ട ഫോൺ നമ്പർ - 0471 2730804

5. സർക്കാർ സംരംഭമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിലെ മാതൃ-പിതൃ ശേഖരത്തിൽപ്പെട്ട ഇറച്ചികോഴികൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർക്ക് നേരിട്ട് കെപ്കോയുടെ കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിൽ നിന്നും മൊത്തമായോ, ചില്ലറയായോ വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 9495000914, 9495000918

6. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ 12 പശുക്കളെ ജൂൺ മാസം 12 ന് (12.06.2024) രാവിലെ 11 മണിയ്ക്ക് ഫാം പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുമ്പായി ടി പശുക്കൾക്ക് രണ്ടായിരം (2000/-) രൂപ നിരതദ്രവ്യമായി ആഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2732962 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ അഞ്ച് ആഴ്ച പ്രായമായ BV380 കോഴി കുഞ്ഞുങ്ങൾ വിൽപനക്കയ്ക്കു ലഭ്യമാണ്. കുഞ്ഞൊന്നിന് വില 160 രൂപ. കൂടുതൽ വിവരങ്ങൾക്ക് രാവിലെ 10 മുതൽ വൈകിട്ട് 4.30 വരെയുള്ള സമയങ്ങളിൽ **9400483754** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. കോഴിക്കോട് കക്കോടി കൃഷിഭവനിൽ സബ്സിഡി നിരക്കിൽ W C T (കുറ്റ്യാടി) ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ വിതരണത്തിന് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9383471813 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6..നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എന്റർപ്രിണർഷിപ്പ് ആന്റ് മാനേജ്മെന്റും (NIFTEM –T) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയവും സംയുക്തമായി ഫുഡ് സേഫ്റ്റി എന്ന വിഷയത്തിൽ ജൂൺ 7 ന് രാവിലെ 10 മണി മുതൽ 4.00 മണി വരെ ഒരു ദേശീയ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9894244344, 9080153435 എന്നീ ഫോൺ നമ്പരുകളിലോ niftemt.ac.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം